ഓഫീസർമാർ ബന്ധപ്പെട്ട യൂണിറ്റുകൾ സന്ദർശിക്കുകയും ധനകാര്യ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് ആവശ്യമെങ്കിൽ സാദ്ധ്യതാ റിപ്പോർട്ടുകൾ തയ്യാറാക്കി പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്നു.

(സി) ചെറുകിട വ്യവസായികൾക്ക് ഭൂമി ലഭ്യമാക്കുന്നതിനുവേണ്ടി വയനാട് ജില്ല ഒഴികെ മറ്റെല്ലാ ജില്ലകളിലും വ്യവസായ വികസന ഏരിയ, വ്യവസായ വികസന പ്ലോട്ടുകൾ എന്നിവ വ്യവസായ വകുപ്പിന്റെ ആഭിമുഖ്യത്തിൽ നിലവിലുണ്ട്.

കൂടാതെ സിഡ്കോയുടെ വിവിധ ജില്ലകളിലെ 17 ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിലും 36 മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിലുമായി ചെറുകിട വ്യവസായികൾക്ക് വ്യവസായ യൂണിറ്റുകൾ നടത്തുന്നതിനുള്ള സൗകര്യം ലഭ്യമാണ്. വയനാട് ഉൾപ്പെടെ എല്ലാ ജില്ലകളിലും സിഡ്കോയുടേയും വ്യവസായ വകുപ്പിന്റേയും ആഭിമുഖ്യത്തിൽ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. മുകളിൽ പറഞ്ഞിരിക്കുന്ന എല്ലാ തരത്തിലുള്ള എസ്റ്റേറ്റുകളിലും ചെറുകിട വ്യവസായികൾക്ക് അവർ നടപ്പാക്കുന്ന പ്രോജക്ടിന് ആവശ്യമായ സ്ഥലം ലഭ്യമാക്കിവരുന്നുണ്ട്.

(ഡി) എസ്.എസ്.ഐ.രജിസ്ട്രേഷൻ, പ്രോജക്ടിന്റെ പ്രായോഗികത, സ്ഥലത്തിന്റെ ലഭ്യത, അപേക്ഷകന്റെ സീനിയോറിറ്റി, മൊത്ത വിലയ്ക്കോ തവണകളായോ വാടകയ്ക്കോ എങ്ങനെയാണ് ആവശ്യപ്പെട്ടിരിക്കുന്നത് എന്നിവയാണ് ഇതിന്റെ മാനദണ്ഡങ്ങൾ.

(ഇ) ഇതുവരെ 37 നിയോജക മണ്ഡലങ്ങളിൽ പാർക്കുകൾ തുടങ്ങുന്നതിനുള്ള ശുപാർശകൾ ലഭിച്ചിട്ടുണ്ട്. ഇവയിൽ 9 എണ്ണങ്ങളിൽ അടിസ്ഥാന സൗകര്യവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ പുരോഗതിയിലാണ്. ഒരു പാർക്കിൽ വ്യവസായികൾക്ക് സ്ഥലം അനുവദിച്ചുകൊടുക്കുകയും ചെയ്തു. ഈ പാർക്കുകളിൽ യൂണിറ്റുകൾ ആരംഭിക്കുന്നത് ബന്ധപ്പെട്ട വ്യവസായികളുടെ ധനശേഷി, യന്ത്രസാമഗ്രികളുടെ ലഭ്യത, ക്ലിയറൻസ് മുതലായവയെ ആശ്രയിച്ചിരിക്കുന്നതിനാൽ ഈ യൂണിറ്റുകൾ എന്നു തുടങ്ങുമെന്നതിനെക്കുറിച്ച് പറയുവാൻ ഇപ്പോൾ നിർവ്വാഹമില്ല.

29 (585) മാവൂർ ഗ്രാസിം ഇൻഡസ്ട്രീസ്

ശ്രീ. എളമരം കരിം : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവൂർ ഗ്രാസിം ഇൻഡസ്ട്രീസ് അടച്ചുപൂട്ടാനുള്ള മാനേജ്മെന്റ് നീക്കം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അടച്ചു പൂട്ടൽ ഒഴിവാക്കാൻ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഫാക്ടറി അടച്ചു പൂട്ടാനുള്ള മാനേജുമെന്റിന്റെ അപേക്ഷ സർക്കാർ തള്ളിക്കളഞ്ഞിട്ടുണ്ട്. ഫാക്ടറിയിലെ പ്രശ്നങ്ങൾ പരിഹരിക്കുവാനായി, സർക്കാർ മാനേജുമെന്റും, തൊഴിലാളി സംഘടനകളും, മറ്റു ബന്ധപ്പെട്ട വകുപ്പദ്ധ്യക്ഷൻമാരുമായി ചർച്ച തുടർന്നു വരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly